Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് വിഘാതമാകുന്ന ഇതരസംസ്ഥാന മത്സ്യബന്ധന ബോട്ടുകളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് ലൈസൻസ് നിജപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ടിന്റെയും ബന്ധപ്പെട്ട റൂളിന്റെയും അടിസ്ഥാനത്തിൽ അന്യസംസ്ഥാന ബോട്ടുകൾക്ക് കേരള തീരത്ത് പ്രവേശിക്കുന്നതിനും ഹാർബർ സൗകര്യം ഉപയോഗിക്കുന്നതിനും 25000 രൂപ പെർമിറ്റ് ഫീസും ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ട് പ്രകാരം കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കരവരെ 30 മീറ്റർ ആഴത്തിലും പരവൂർ പൊഴിക്കര മുതൽ ബങ്കാര മഞ്ചേശ്വരംവരെ 20 മീറ്റർ ആഴത്തിലും മെക്കനൈസ്ഡ് ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കുന്നതിനായി കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും അതനുസരിച്ച് പുതുക്കിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2018 സെപ്തംബർ 1 മുതലാണ് പുതിയ ചട്ടങ്ങൾ നിലവിൽവന്നത്. ആയതുപ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

രാജ്യത്തെ ആഴക്കടൽ മത്സ്യബന്ധനം

247(2284) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആഴക്കടൽ മത്സ്യബന്ധനത്തിന് ആഗോള കുത്തകകൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയതിനെത്തുടർന്നുണ്ടായ അശാസ്ത്രീയ മത്സ്യബന്ധനംമൂലവും പാരിസ്ഥിതിക പ്രശ്നങ്ങളാലും സംസ്ഥാനത്തിന്റെ മത്സ്യലഭ്യതയിലുണ്ടായിട്ടുള്ള കുറവ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

മത്സ്യലഭ്യതയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011-2021 കാലയളവിലുള്ള മത്സ്യലഭ്യതയുടെ വിശദാംശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിവിധ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മത്സ്യലഭ്യതയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) മുൻ സർക്കാരിന്റെ കാലത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു?

മുൻ സർക്കാരിന്റെ കാലത്ത് ഉൾനാടൻ മത്സ്യക്കൃഷിയിലൂടെ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം നൂതന മത്സ്യക്കൃഷി, ബ്ലൂ റവല്യൂഷൻ പദ്ധതി, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം, ജനകീയ മത്സ്യക്കൃഷി പദ്ധതിക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കടൽ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള കൃത്രിമപ്പാര് പദ്ധതി തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിൽ റീഫ് സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം ആരംഭിച്ച 140 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ ഈ സർക്കാർ തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്.

തീരദേശ സംരക്ഷണം

248(2285) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടലാക്രമണം നേരിടുന്ന മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളിൽ ഇക്കൊല്ലമുണ്ടായ നാശനഷ്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.